പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 754 29.11.2018 -ൽ മറുപടിയ്ക്ക്

## കണയങ്കോട് ടൂറിസം ഹബ്ബിന് ഭരണാനുമതി

ചോദ്യം
ശ്രീ.പുരുഷൻ കടലുണ്ടി :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതിയിൽ ഉൾപ്പെട്ട പ്രധാന ടൂറിസം ഹബ്ബായ കണയങ്കോട് ടൂറിസം ഹബ്ബിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; | എ) | ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതിക്ക് 2015 ൽ ഭരണാനുമതി നല്കിയിരുന്നു. എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥല വിനിയോഗാനുമതി ലഭിക്കാത്തതിനാലും ക്ലിയറൻസ് ആവശ്യമുള്ള പ്രവൃത്തികളായതിനാലും പ്രവർത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ടി പദ്ധതി ഉപേക്ഷിക്കാനും പകരം പുതിയ പദ്ധതി രൂപ കൽപന ചെയ്യുവാനും തുടർന്ന് നടന്നിട്ടുള്ള പദ്ധതി അവലോകന യോഗങ്ങളിൽ അഭിപ്രായമുയർന്നിരുന്നു. ആയത് പ്രകാരം കണയങ്കോട് ടൂറിസം ഹബ്ബ് പദ്ധതിക്ക് പുതിയ പദ്ധതി രൂപരേഖ സമർപ്പിക്കുവാൻ മുൻപ് ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതി വിഭാവനം ചെയ്ത സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ബാലുശ്ശേരി ടൂറിസം വികസനത്തിന്റെ പ്രധാന പദ്ധതികളിലൊന്നായ കണയങ്കോട് ടൂറിസം ഹബ്ബിന് ഭരണാനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | ബി) | പദ്ധതി രൂപരേഖ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ